# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 102** — **27/02/2017 ൽ മറുപടിയ്ക്ക്**

### മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ചികിൽസാ സഹായത്തിനായി ചികിൽസാ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് അപേക്ഷിക്കുന്നവരോട് പിന്നീടുള്ള അന്വേഷണ സമയത്ത് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർ വീണ്ടും ചികിൽസാ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് ബുദ്ധിമുട്ടിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി നിർ ദ്ദേശിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ആറു മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട ഡോക്ടറുടെയും ഹോസ്പിറ്റലിന്റെയും സീൽ പതിപ്പിച്ചിട്ടുണ്ടെങ്കിൽ വീണ്ടും മെഡിക്കൽ രേഖകൾ ആവശ്യപ്പെടാറില്ല. |
| (ബി) ചികിൽസാ സഹായവുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ താലൂക്കിലെ അപേക്ഷകരുടെ അന്വേഷണ റിപ്പോർട്ടുകൾ, അന്വേഷണങ്ങൾ, വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, ജില്ലാ കളക്ടറേറ്റ് എന്നീ ആഫീസുകളിൽ പെൻഡിംഗ് ആയതുമൂലം അപേക്ഷകർക്ക് ചികിൽസാ സഹായം വൈകുന്നത് ഒഴിവാക്കാൻ മറ്റുമാർഗ്ഗങ്ങൾ സർക്കാർ ആരായുമോ; | (ബി) & (സി) ചികിത്സാ സഹായം വൈകുന്നത് ഒഴിവാക്കാൻ ഓൺ ലൈൻ സംവിധാനം ഇപ്പോൾ ഏർ പ്പെടുത്തിയിട്ടുണ്ട്. |
| (സി) ചികിൽസാ സഹായത്തിനായി അപേക്ഷിക്കുന്നവർക്ക് വേഗത്തിൽ സഹായം ലഭിക്കുവാനുള്ള സംവിധാനം സർക്കാർ ആലോചിക്കുമോ? | |

സെക്ഷൻ ഓഫീസർ